ST.MICHAEL'S.A.I.H.S.S.KANNUR

# e-ജാലകം





2018-19

DIGITAL MAGAZINE

# Little KITEs Digital Magazine 2018-19

ST. MICHAEL'S ANGLO INDIAN
HIGHER SECONDARY SCHOOL
KANNUR -670001



# എഡിറ്റോറിയൽ

അക്ഷരങ്ങൾക്ക് ചിറക് മുളക്കുമ്പോഴാണ് അവ കഥകളും കവിതകളുമൊക്കെയായി മാറുന്നത് . അതിരുകളില്ലാതെ ആകാശം തേടി അക്ഷരങ്ങൾ പറക്കുമ്പോഴാണ് ഞാനും നീയും എന്ന ചിന്തവിട്ട്

നമ്മളാവുന്നത് . എഴുത്തും വായനയും നമ്മളെ കൂടുതൽ നല്ല മനുഷ്യരാക്കുന്നു . മറ്റുള്ളവന്റെ സങ്കടത്തിനൊരു കൈത്താങ്ങാകാൻ മനസ്സുള്ള മനുഷ്യൻ . ഉള്ളിൽ ഉറങ്ങിക്കിടന്ന കഴിവുകളെ ഉണർത്താനുള്ള അവസരങ്ങളുടെ ജാലകമാണ് വിദ്യാഭ്യാസം . സാങ്കേതികവിദ്യയുടെ സഹായത്തോടെ ഉന്നത നിലവാരത്തിലേക്ക് നാം കുതിക്കുകയാണ് .

സർഗാത്മ-കമായ പഠനാന്തരീക്ഷം നവ സാങ്കേതിക വിദ്യയുടെ സഹായത്താൽ നാം വളർത്തിയെടുക്കണം . അതിനു പട്ടങ്ങളായി പറക്കാൻ നാമൊരു ആകാശം കണ്ടെത്തണം . ഭാവനയുടെ ലോകത്തിലൂടെ പുതിയലോകം തിരയാൻ ലിറ്റിൽ കിറ്റ്സിന്റെ ഈ മാഗസിൻ വഴിയൊരുക്കുമെന്ന് പ്രതീക്ഷിക്കുന്നു .

സ്റ്റുഡന്റ് എഡിറ്റർസ്

# ഉള്ളടക്കം


1. സ്കൂൾ ജീവിതം - 4
2. എന്റെ ലോകം - 5
3. സെൽഫി സ്റ്റിക് - 6
4. കേരളം - 6
5. ഓണം - 7
6. കൃഷിക്കാരൻ - 7
7. എന്റെ നാട് നമ്മുടെ നാട് - 8
8. രാഷ്ട്രപിതാവ് - 9
9. മലയാളി ജീവിതം - 10
10. മാനവാ നീ അറിയുക - 11
11. ഒറ്റപ്പെടുന്ന മാതാപിതാക്കൾ - 11
12.'നിങ്ങൾക്കുമാകാം കോടീശ്വരൻ' – 12,13 എന്റെ അറിവനുഭവങ്ങൾ
13. പെയ്തൊഴിയാതെ - 14
14. ഓർമകളിലെ ഓണം - 15
15. ഞാൻ കണ്ട കറുത്ത - കടലിൽ ഒരു വെളുത്ത തോണി - 16
16. മധുരമെൻ ബാല്യം - 17
17. ജീവിതം - 18
18. വാക്കുകൾക്കപ്പുറം - 19
19. പ്രതിച്ഛായ - 20
20. പൂമ്പാറ്റ - 21
21. എന്റെ അനുഭവം - 21
22. പരിണാമം - 22
23. പൂന്തേനരുവി - 22
24. അമ്മ ഉണ്ടായിരുന്നെങ്കിൽ - 23

# സ്ക്രൂൾ ജീവിതം



*ഒന്നു ചേരുവാൻ ഒന്നായി പാട്ടുവാൻ*
*കൂട്ടുകൂട്ടുവാൻ*
*ഇനിയെന്നുണ്ടാകും ആ പൊൻനാളുകൾ*
*കൊതിക്കുന്നു ഞാൻ ആ പൊൻനാളുകൾ*
*ഒന്നുചേരാൻ ഒന്നായി പാട്ടുവാൻ*
*കൂട്ടുകൂട്ടുവാൻ*
*ഇനിയെന്നുണ്ടാകും ആ പൊൻനാളുകൾ*
*പിന്നിട്ട വഴികളിൽ,മറയുന്ന തെന്നലിൽ*
*എന്നും ആ സൗഹൃദം മാത്രമായി*
*ഒരു വാക്ക് മിണ്ടുവാൻ ഒരു കൂട്ടുകൂട്ടുവാൻ*
*തോളോട് ചേരുവാൻ*
*ഇനി എന്ന് തിരികെ വെറും ആ നാളുകൾ*
*ഇനിയെന്നുണ്ടാകും ഞാൻ കൊതിച്ച നാളുകൾ*
*അരികിൽ നാം അരികിൽ നാം ഒന്നു*
*ചേരുന്ന നിമിഷത്തിൽ*
*ഇനിയുമെന്ന് ഇനിയുമെന്ന്*
*ഒന്ന് ഒത്തുകൂടിട്ടും നാം*
*ഇനിയെന്നുണ്ടാകുമാ നാളുകൾ*
*കളിവാക്കുകൾ ചൊല്ലിയ പഴയ നാളുകൾ*

*- by മുഹമ്മദ് ഫർസീൻ വി പി*
*9 C*

# എന്റെ ലോകം

*ബാല്യകൗമാര വികൃതികൾ കുസൃതികൾ*
*മനസ്സിനെ തട്ടിയുണർത്തീടവേ,*
*നാലുചുവരുകൾ എന്റെ ലോകമായി ഞാൻ*
*ജീവിതം വീക്ഷിച്ചതോർത്തുപോകുന്നു.*
*ഭാഷതൻ നിത്യമാധുര്യമേറ്റു ഞാൻ*
*ശാസ്ത്രാത്ഭുതങ്ങളിൽ കൗതുകം കൊണ്ടു.*
*ജാതിമതഭേദങ്ങളൊന്നുമില്ലാതെ*
*കൂട്ടുകാരെ, സ്നേഹസൗഹൃദങ്ങളെ ,*
*ആദ്യമായ് അറിഞ്ഞതും ഇവിടെ വെച്ച്.*
*മനസ്സിനെ തൊട്ടുണർത്തീടുന്ന*
*മധുരമാമറിവിനെ സ്നേഹഗീതം*
*വിടചൊല്ലുമെങ്കിലും മായ്ക്കാത്ത ഒരോർമപോൽ*
*ഹൃദയത്തിൽ സൂക്ഷിച്ച ദിവ്യചിത്രം*
*മധുരമെന്റെയാ സ്വപ്നങ്ങളും ലക്ഷ്യങ്ങളും*
*ഉണർത്തിവിടർത്തിയോരെൻറെ*
*ക്ലാസ്സ്മുറിതൻ സ്നേഹചിത്രം.*
*മറക്കില്ലൊരിക്കലും മറക്കില്ല ഞാൻ*
*ഈ നാലു ചുവരുകൾ എന്റെ സ്വന്തം*



*- by റോബർട്ട് നിസ്സൽ റോയ്*
*9 B*

# സെൽഫി സ്റ്റിക്



*മുത്തശ്ശൻ ഐ.സി.യു.വിൽ ആയിട്ട് രണ്ടു ദിവസമായി.അറിയിക്കുവാനുള്ളവരെ അറിയിച്ചു കൊള്ളാൻ ഡോക്ടർ പറഞ്ഞിരുന്നു.ഫേസ്ബുക്കിൽ സ്റ്റാറ്റസ് ഇട്ടാൽ മതിയാകും.ഇനി നിമിഷങ്ങൾ മാത്രമേ മുത്തശ്ശൻ കൂടെയുള്ളൂ.കാലത് തന്നെ പോയി സെൽഫി സ്റ്റിക് വാങ്ങണം. സെൽഫിയിൽ എല്ലാവരെയും ഉൾപ്പെടുത്തണം.അച്ഛൻ,'അമ്മ,ചേച്ചി,അനിയൻ,മുത്തശ്ശി,ഇന്നലെ പിറന്ന കുട്ടൻ വാവ പിന്നെ നമ്മുടെ തരാം മുത്തശ്ശനെയും. എന്ത് തന്നെയായാലും സെൽഫി ഞാൻ തന്നെ എടുക്കും! പക്ഷെ സെൽഫി സ്റ്റിക്കിനുള്ള കാശ്? ഓ.... അത് മുത്തശ്ശന്റെ പെട്ടിയിൽ കാണും.എടുക്കാൻ മുത്തശ്ശി സമ്മതിക്കാതിരിക്കില്ല. ഒരു നല്ല കാര്യത്തിന് വേണ്ടിയല്ലേ!!!*

*- by ആൽബിൻ മാക്സ്വെൽ*
*9 B*

# കേരളം



*കേരളം എന്നൊരു നാട്*
*കേരങ്ങളുടെ നാട്*
*പച്ചപ്പുടവയുടുത്ത നാട്*
*മരങ്ങളും, മൃഗങ്ങളും*
*മലകളും, പുഴകളും*
*പൂക്കളും പുണ്യവും*
*നിറഞ്ഞ നാട്*
*ദൈവത്തിന്റെ സ്വന്തം നാട്;*
*എന്റെ നാട് കേരളം*

*- by ഋഷികേശ് കെ നമ്പ്യാർ*
*9 B*

# കൃഷിക്കാരൻ

*ഒരു കൊച്ചുകൈക്കോട്ടും തോളിലേന്തി പഴകിയ മുണ്ടോയെന്നമരയ്ക്കുചുറ്റി ഓമൽ പ്രഭാത കിരണമേറ്റു പോകുന്ന ഭൂവിന്റെ സ്നേഹ പാത്രം രാവും പകലും പണി ചെയ്തവൻ നമ്മളെ നിത്യവും ഊട്ടിടുന്നു.*

*ഇല്ലഹംഭാവം ഇയാൾക്ക് ചുറ്റും,ഇല്ല ഇവന് അസൂയ തെല്ലും.വെയിലേറ്റ് മണ്ണിൽ വിയർപ്പൊഴുക്കി നിത്യവും വാടി തളർന്നിടുന്നു.കർഷകൻ നാടിൻറെ ജീവനാഡി കർഷകൻ ഭൂവിന്റെ ജീവനാഥാൻ .*

*- by മുഹമ്മദ് തമീം ഇ പി*

*9 A*



# ഓണം



*പൂക്കാലമെത്തുവാൻ*
*തുമ്പിത്താൻ നൃത്ത*
*മൂളിച്ചകേൾക്കുവാൻ.........*
*പൂക്കാലമെത്തി*
*ചെടികലോതന്റെ മെയ്യ്*
*പലവർണത്താൽ മൂടി -*
*പതുക്കെ ചിരിക്കുന്ന*
*നയങ്ങളെ കൊച്ചു ഹസ്തങ്ങളാൽ*
*പറിച്ചൊരുക്കി*
*പൂമ്പാറ്റയോ കണ്ണിനിമ്പമേകി*
*പറക്കുന്ന വർണകിരക്കുമായി*
*അങ്ങനെ ഞങ്ങളെല്ലാവരും*
*ഓണത്തെ വരവേൽക്കാൻ*
*ഒത്തുകൂടി*

*- by സ്വാദിപ് എസ് ഡി*

*9 A*


# എന്റെ നാട് നമ്മുടെ നാട്




*മനുഷ്യരെല്ലാം ഒന്നിച്ച വാഴും*
*ഇടാമല്ലോ ഭ്രമി.*
*അവർക്കിടയിൽ മതിലുകളാകും*
*കോട്ടകളാകും മതങ്ങൾ.*
*അവയ്ക്കിടയിൽ അടവും ഹൗവ്വയും*
*ശിവപർവ്വതിമാർ വാഴും നബിയും*
*വാഴും നാട്.*
*നമ്മുടെ കേരളം എന്നൊരു നാട്.*
*ദേവദൈത്യ വീരകഥകൾ*
*പാടി ആട്ടും കലകൾ.*
*ആരോമൽ ചേകവന്റെ,*
*ചതിയൻ ചന്തുവിന്റെ,*
*കഥകൾ പാട്ടും പാണരുമുള്ള നാട്.*
*നമ്മുടെ നാട്,*
*നമ്മുടെ സ്വന്തം കേരളനാട്.*

*- by വിഷ്ണു ടി കെ*
*9 C*

# രാഷ്ട്രപിതാവ്



*നമ്മുടെ രാഷ്ട്രപിതാവ് ഗാന്ധിജി,*
*അഹിംസ ആയുധമാക്കിയ പോരാളി,*
*ധർമത്തെ ഗുരുവാക്കിയ മഹാൻ.*
*രാഷ്ട്രത്തെ ഒന്നിപ്പിച്ച പിതാവ്.*
*സ്വാതന്ത്ര്യം നേടിത്തന്ന പൗരൻ,*
*സ്നേഹിക്കാൻ പഠിപ്പിച്ച ഗുരു,*
*സത്യത്തെ ദൈവവാക്യമായും,*
*ഹിമസായെ ദൈവനിന്ദയായും,*
*കണ്ട ധീരനായ പൗരൻ.*
*എല്ലാം ത്യജിക്കാനും സഹിക്കാനും,*
*മുതിരുന്ന പിതാവ്.*
*നന്മമാത്രം ആഗ്രഹിക്കിന്ന പിതാവ്.*
*നമ്മുടെ സ്വന്തം രാഷ്ട്രപിതാവ്.*

- *by മുഹമ്മദ് അമർ അഷ്റഫ്*
*9 C*

# മലയാളി ജീവിതം

*ജനനം*

*വയസ്സ്2 - പനി വന്നപ്പോൾ 'അമ്മ കൂട്ടിരുന്നു*

*വയസ്സ്4 - ആദ്മി അച്ഛനമ്മമാർ സ്കൂളിൽ ചേർത്തു*

*വയസ്സ്15 - ടീച്ചർ അച്ഛനെ സ്കൂളിൽ വിളിപ്പിച്ചു(അടിയുടെ തൃശ്ശൂർ പൂരം)*

*വയസ്സ്18 - രക്ഷിതാക്കൾ കോളേജിൽ ചേർത്തു*

*വയസ്സ്26 - പ്രേമിച്ച പെണ്ണിനെ മാതാപിതാക്കൾ കെട്ടിച്ചുകൊടുക്കുന്നു*

*വയസ്സ്28 - ഒരു കുട്ടിയുടെ പിതാവായി*

*വയസ്സ്35 - പ്രഷർ,ഷുഗർ,കൊളസ്ട്രോൾ*

*വയസ്സ്41 - മാതാപിതാക്കളെ വൃദ്ധസദനത്തിൽ സുരക്ഷിതമായി എത്തിക്കുന്നു*

*വയസ്സ്64 - മക്കൾ സന്തോഷത്തോടെ സുരക്ഷിതമായി വൃദ്ധസദനത്തിൽ എത്തിച്ചു*

*വയസ്സ്66 - കിടപ്പിലായി*

*വയസ്സ്70 - ശ്മശാനത്തിൽ പുകനിറഞ്ഞു*

*ഇത് തലമുറകളായി*

*തുടരും.....*

*-By അഭിനവ് സജീവ്*

*9 A*

# മനവാ നീ അറിയുക



*ഹേ മനവാ,*
*നീ അറിയുക*
*നീ ലോകത്തിൽ അവസാനം*
*അവതാരം കൊണ്ടവൻ*
*നിനക്കു മുമ്പേ വന്നവരെ*
*നീ ചവിട്ടിയരച്ചു*
*അവയ്ക്കും വേണ്ടതായ*
*പ്രകൃതിയെ നീ തകർത്തു*
*ഹേ മനവാ നീ*
*തിരിച്ചറിയുക ഈ*
*ലോകത്തിനു നിയെല്ലാതെ*
*വേറെയും അവകാശികളുണ്ട്*
*ഹേ മനവാ നീ അറിയുക*
*ഒന്നും നീ കോണ്ടുവന്നതല്ല*
*ഒന്നും നീ കൊണ്ടുപോകുന്നുമില്ല*

*-By ഹരിദേവ് ഇ പി*

*9 A*

# ഒറ്റപ്പെടുന്ന മാതാപിതാക്കൾ



*അമ്പലനട മുതൽ ചവറ്റുകുട്ടയിൽ വരെ അച്ഛനമ്മമാരെ ഉപേക്ഷിക്കുന്ന മക്കളുടെ കഥകൾ ധാരാളം ഉണ്ട്.നല്ല കാലത്ത് മക്കളുടെ പ്രിൽ സ്വത്ത് എഴുതിവെച്ചു വാർദ്ധക്യമാകുമ്പോൾസ്വത്ത് വരെ നഷ്ടപെട്ട മാതാപിതാക്കളുണ്ട്.ഇന്ത്യയിൽ 800  വൃദ്ധസദനങ്ങളുണ്ട്200 എണ്ണം കേരളത്തിലാണ്.കേരളത്തിൽ തന്നെ ഏറ്റവും കൂടുതൽ വൃദ്ധസദനങ്ങളുള്ളത് കോട്ടയത്താണ്. കണ്ണൂരിൽ 19 വൃദ്ധസദനങ്ങളാണ് ഉള്ളത്.ജനസംഖ്യയിൽ വയോധികരുടെ എണ്ണം കൂടുന്നതിനൊപ്പം ഇവർക്ക് നേരെയുള്ള അക്രമങ്ങളും കൂടുന്നു.*

**കഴിഞ്ഞു പോയ ബാല്യം മറന്നാലും വരാനിരിക്കുന്ന വാർദ്ധക്യത്തെ മറക്കരുത്**


# 'നിങ്ങൾക്കുമാകാം കോടീശ്വരൻ'- എന്റെ അറിവനുഭവങ്ങൾ

"ശാസ്ത്രത്തിന്റെ ഗതിവേഗത്തോടൊപ്പം ചുവടുവെച്ചതാകാം ഒരു പക്ഷെ ജിജ്ഞാസ ജനിപ്പിക്കുന്ന ചോദ്യോത്തര പരിപാടികളിലേക്ക് എന്നെ കൂടുതൽ അടുപ്പിച്ചത്. സിനിമാ ലോകത്തെ അതികായൻ ശ്രീ. സുരേഷ് ഗോപിയുടെ മികവാർന്ന അവതരണത്തിലൂടെ ജനലക്ഷശങ്ങളെ കീഴടക്കിയ ഏഷ്യാനെറ്റ് ചാനലിലെ 'നിങ്ങൾക്കുമാകാം കോടീശ്വരൻ' എന്ന പരിപാടിയിൽ പങ്കാളിയാകാൻ കഴിഞ്ഞ ഭാഗ്യമുഹൂർത്തം എന്നെ കോരിത്തരിപ്പിക്കുന്നതായിരുന്നു . പ്രശ്നോത്തിരി പരിപാടികളോടുള്ള എന്റെ അതിയായ താല്പര്യമാണ് അഭിമാനാർഹമായ ടെലിവിഷൻ ഷോയിലെ ഹോട്സീറ്റിൽ എനിക്ക് പ്രവേശനം നൽകിയത്. ഇന്ന് ഈ സ്വപ്നസാക്ഷാത്ക്കാരത്തിന്റെ നിർവൃതിയിൽ നിൽക്കുമ്പോൾ ഇതിന്റെ പിന്നിലെ ഒരുക്കങ്ങളും അനുഭവിക്കേണ്ടി വന്ന സമ്മർദ്ദങ്ങളും എന്റെ മനസ്സിൽ മായാതെ നിൽക്കുന്നു. ഹോട്സീറ്റിലേക്കുള്ള തിരഞ്ഞെടുപ്പിന്റെ പ്രാഥമിക ഘട്ടങ്ങളിൽ ഏറെ ഗൗരവമൊന്നും തോന്നിയില്ല. തുടർച്ചയായ ദിവസങ്ങളിൽ ആറു ചോദ്യങ്ങൾക്ക് ഉത്തരമയാക്കുമ്പോൾ വലിയ പ്രതീക്ഷയൊന്നും മനസ്സിൽ ഉണ്ടായിരുന്നില്ല. പിന്നീട് കൊച്ചിയിൽ നടന്ന ഓഡിഷൻ റൗണ്ടിൽ മനസ്സിൽ എന്തോ ഒരു വേവലാതി തോന്നി. "നിങ്ങളെ ഫൈനൽ റൗണ്ടിലേക്ക് സെലക്ട് ചെയ്തിരിക്കുന്നു" എന്ന ഫോൺ സന്ദേശം ഹൃദയമിടിപ്പ് കൂട്ടുക തന്നെ ചെയ്തു. ഫൈനലിലേക്ക് എത്തിയെന്നറിഞ്ഞപ്പോഴും മുന്നിൽ നിറഞ്ഞ നിൽക്കുന്ന രണ്ട്പ്രശ്നങ്ങളുണ്ടായിരുന്നു. ഒന്ന് ഇതിനെ നേരിടാനുള്ള മാനസികമായ തയ്യാറെടുപ്പ് നടത്തേണ്ടിയിരുന്നു. മറ്റൊന്ന് ചോദ്യങ്ങളെ നേരിടാൻ അറിവിന്റെ വാതായനങ്ങൾ മലർക്കെ തുറക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് പുരാണങ്ങളിലൂടെയും ചരിത്രങ്ങളിലൂടയും ഊളിയിട്ട് ആനുകാലികങ്ങളിലും ശാസ്ത്രസാഹിത്യകാലാദികളിലും അഭിരമിച്ചു മുന്നേറാൻ ശ്രമിച്ചു. പല വിഷയങ്ങളെയും ആഴത്തിൽ ഉൾകൊള്ളാൻ പരമാവധി ശ്രമിച്ചു. ക്യാപ്സ്യൂളുകളായും ടോണിക്കുകളായും ഉത്തരങ്ങൾ മനസ്സിൽ നിറച്ചു. അതോടൊപ്പം ചാനലിലെ പ്രസ്തുത പരിപാടിയുടെ മുൻഭാഗങ്ങൾ പലതും കണ്ടെത്തി ചോദ്യരീതിയെയും അവതരണരീതിയെയും മനസ്സിലാക്കുകയും ചെയ്തു. ലക്ഷ്യബോധത്തോടെ പരിപാടിയിലേക്കുള്ള തയ്യാറെടുപ്പ് തുടങ്ങി. ദിവസവും രണ്ടോ മൂന്നോ മണിക്കൂർ ഉറക്കത്തിൽ നിന്നും മോഷ്ടിച്ചെടുത്ത് ഹോട്ടസീറ് പ്രവേശനത്തിന് വേണ്ടി മാറ്റിവെച്ചു. പഠനചിന്തയുടെ വ്യാപ്തി ഒരു പക്ഷെ ഹോട്സീറ്റിനെകുറിച്ച എന്നിലുണ്ടായ മാനസികസമ്മർദം അല്പം കൂടിയുയത്തി എന്നതാണ് സത്യം. സെലെക്ഷനായ കാര്യം മറ്റുള്ളവർ അറിയാൻ തുടങ്ങി. ചാനലുകാർ ഷൂട്ടിങ്ങിനായി സ്കൂളും വീട്ടിലും എത്തിയപ്പോൾ എന്റെ കുട്ടികൾ, നാട്ടുകാർ, സുഹൃത്തുക്കൾ എല്ലാവരും ഇതേപ്പറ്റി അറിഞ്ഞു. 2017 ഫെബ്രുവരി 14, പരിപാടിയുടെ ഷൂട്ടിംഗ് നടക്കുന്ന ദിവസം. എന്നെ പോലെ ഹോട്ടസീറ് ലക്ഷ്യംകണ്ട മറ്റുള്ളവർക്കൊപ്പം. ഇവിടുന്നു ഒരുകടമ്പ കടന്നാലേ ഇരിപ്പിടത്തിലേക്ക് പ്രവേശനമുള്ളൂ. വേഗവിരൽ ചോദ്യം എന്ന കടമ്പ. വെള്ളിത്തിരയിൽ ശോഭിക്കുന്ന

കഥാപാത്രങ്ങളെ അമ്മാനമാടി കിടിലൻ വാക്ശരങ്ങൾ തൊടുത്തുവിടുന്ന അവതാരകനെ കൺമുന്നിൽ കണ്ടപ്പോൾ ഒന്ന് പതറിയെങ്കിലും ചോദ്യത്തിലേക്ക് ഉടനെത്തന്നെ മനസ്സിനെ ഏകാഗ്രമാക്കി. വേഗവിരൽ ആരുടേതെന്ന് കണ്ടെത്താൻ കംപ്യൂട്ടറോട് ആവശ്യപ്പെട്ടപ്പോഴും ഉദ്വേഗം മാറിയില്ല. കമ്പ്യൂട്ടർ കണ്ടെത്തിയിരിക്കുന്നു എന്നെ തന്നെ. സ്വപ്നതുല്യമായ സീറ്റിലെത്തിയപ്പോൾ എന്തുപറയണം എന്ന വേവലാതി നിമിഷനേരമെങ്കിലും എന്നെ ചഞ്ചലപ്പെടുത്തി. "ഓർമ്മയുണ്ടോ ഈ മുഖം" എന്ന ഓർമപ്പെടുത്തൽ ആവശ്യമില്ലാതെ വെള്ളിത്തിരയിലെ നക്ഷത്രം, പാർലിമെന്റേറിയൻ- സാക്ഷാൽ സുരേഷ് ഗോപി!. ഓരോ റൌണ്ട് പിന്നിടുമ്പോഴും മുന്നേറണമെന്ന ചിന്ത മുറുകി വന്നു. ശരാശരിയിൽ തുടങ്ങിയ ചോദ്യങ്ങൾ കാഠിന്യത്തിലേക്ക് നീങ്ങി തുടങ്ങി. ലൈഫ്ലൈനുകൾ ഒന്നൊന്നായി നഷ്ടപ്പെടാൻ തുടങ്ങി. പിടിച്ചുനിൽക്കാൻ മനസ്സിനെ പാകപ്പെടുത്തി. ഒടുവിൽ പന്ത്രണ്ടാമത്തെ ചോദ്യം. ഉത്തരത്തെ കുറിച് ചെറിയൊരു ആശങ്ക. തെറ്റിച്ചാൽ സമ്മാനത്തുക 6,40,000 നഷ്ടമാകും. ആലോചിക്കുംതോറും ആശങ്ക കൂടിക്കൂടി വരുകയായിരുന്നു. ഒടുവിൽ മത്സരത്തിൽ നിന്ന് പിന്മാറാൻ തീരുമാനിച്ചു. പിന്മാറിയാൽ സമ്മാനത്തുക നഷ്ടപ്പെടാതെ കയ്യിൽ കിട്ടും. എന്റെ മനസ്സിൽ ഉണ്ടായ ഉത്തരം തന്നെയായിരുന്നു ശെരിയായത്. പക്ഷെ എനിക്ക് നഷ്ടബോധം തോന്നിയില്ല. കാരണം ഞാൻ അധ്വാനിച്ചതിന്റെ ഫലം പണമായും അംഗീകാരമാണ് എനിക്ക് കിട്ടിക്കൊണ്ടിരിക്കുന്നു. പിന്നീടുള്ള ചടങ്ങുകളും ദിനങ്ങളും എനിക്ക് ആനന്ദകരമായിരുന്നു ,അഭിമാനമുഹൂർത്തങ്ങളായിരുന്നു . ഓരോരുത്തരുടെയും ആശംസാവചനങ്ങളും അഭിനന്ദനങ്ങളും ഹൃദയത്തെ തരളിതമായി തഴുകി. അതിൽനിന്നും മോചിതനാകാം ദിവസങ്ങൾ തന്നെ എടുത്തു. ഏതായാലും ഒരു കാര്യം വളരെ വ്യക്തമാണ്, കഷ്ടപ്പെട്ട് പഠിക്കാൻ തയ്യാറായാൽ അതിന്റെ ഫലം തീർച്ചയായും കിട്ടും. ഇത് ഓരോരുത്തരോടുമുള്ള എന്റെ അഭ്യര്ഥനയാണ്. ലക്ഷ്യങ്ങൾ കാണുക.... അത് നേടിയെടുക്കാൻ പരിശ്രമിക്കുക... തീർച്ചയായും വിജയത്തിന്റെ മധുരം നിങ്ങൾക്കുള്ളതാണ്.....!!"

- അനീഷ് ടി. പി.

by- ആദിത്ത്. എ



# പെയ്തൊഴിയാതെ



കാത്തിരിക്കുന്നു നീ മക്കളെ-
കാലം മായ്ക്കാത്ത മുറിവുമായി.
ഏകാന്തമാം ജീവിത സാഗരത്തിൽ-
നിന്റെ സ്വപ്നങ്ങൾ ആടിയുലയുന്നു.
അതു നിത്യ മേഘമായ് ഇരുളുന്നു-
പെയ്തൊഴിയാതെ വിങ്ങുന്നു.
വാനോളം സ്നേഹം പകർന്ന മർത്യാ-
ജ്വലിക്കട്ടെ നിൻ സ്നേഹം മണ്ണിതിൽ.
നിർമ്മലമായ് നിത്യപൗർണ്ണമിയായ്
പൊഴിയട്ടെ... പെയ്തൊഴിയട്ടെ

*- BY റോബിൻ റൂബൻ*

*9 A*

# ഓർമകളിലെ ഓണം

ഇപ്പോൾ  നമ്മൾ കേൾക്കുന്ന മുത്തശ്ശിക്കഥയാണ് ഓണം .
ഓർമ്മകൾ നിറഞ്ഞതാണ് ഓണം . പലതരം ഓർമ്മകൾ ഓണത്തിൽ കടന്നുവരും . ഓർമ്മകൾ പലതാണ്. പക്ഷെ ഇപ്പോൾ ഓണം ഒരു ഓർമ മാത്രം ആയിരിക്കുകയാണ് .
പണ്ട്, ഓണം  കേരളത്തിന്റെ വലിയൊരു ഉത്സാവമായിരുന്നു,ഇപ്പോഴും അതെ . പക്ഷേ അത് കേരളസംസ്കാരത്തെ കൊന്നുകൊണ്ടാണ് ആഘോഷിക്കുന്നത് . പുലികളി തുമ്പിതുള്ളൽ കമ്പവലി എന്നിങ്ങനെ നീണ്ടുപോകുന്ന കളികളായിരുന്ന  ഓണം . പൂക്കളിറുക്കാൻ വേണ്ടി എത്രയോ ദൂരം നടന്നുപോകണം! എവിടെ നിന്നെങ്കിലും കൊട്ടയിൽ നിറച്ച് പൂക്കളുമായി വന്ന് വീട്ടിലുള്ള "എല്ലാവരും" ഒന്നിച്ച് പൂക്കളമിട്ട ശേഷമാണ് മറ്റു കാര്യങ്ങളൊക്കെ ചെയ്യുക . ടി.വി. എന്ന വസ്തു ഉപയോഗിക്കാതായിരുന്ന ഓണം.
എന്നാൽ ഇന്ന് അതല്ല സ്ഥിതി ; ഓണം കേരളയത്തിന്റെ ഉത്സാവമല്ലാതായിരിക്കുന്നു. ഇപ്പോൾ തമിഴ്നാട്ടുകാരുടേതാണ് ഓണം എന്ന ഉത്സവം . അവർക്കാണ് നല്ല കച്ചോടമൊക്കെ കിട്ടുന്നത് . നമ്മൾ അവരിൽ നിന്ന് പൂക്കൾ വാങ്ങുന്ന അതോടെ അവർക്ക് നല്ല ആഘോഷമായി . ഓണം മാറി , അതിന് മാറ്റം ഉണ്ടാകാൻ ശ്രമിക്കുന്നുവെങ്കിലും പണ്ടുള്ള തരത്തിൽ ആഘോഷിക്കാൻ കഴിയുന്നില്ല . ഈ കഴിഞ്ഞ ഓണം നമ്മൾ ഇങ്ങനെ ആഘോഷിക്കാൻ ശ്രമിച്ചെങ്കിലും കഴിന്നില്ല . അതിന് നമ്മൾ കുറച്ചുകൂടി  നന്നായി ശ്രമിക്കണം , അത് തിരിച്ചുകൊണ്ടുവരാൻ അടുത്ത ഓണം നന്നായി കേരളീയ സംസ്കാരത്തിനിണങ്ങിയ വിധത്തിൽ അവതരിപ്പിക്കുക

-BY സുദേവ്.സി
9 B





# ഞാൻ കണ്ട
# കറുത്ത കടലിൽ ഒരു
# വെള്ളത്തോണി

നമ്മുടെ ലോകമായ ഈ കറുത്ത കടലിൽ
ഉള്ളത് കറുത്ത   മനുഷ്യർ
അവരുടെ മനസ്സിൽ കറുപ്പ്
അവരുടെ ഉള്ളിൽ വെറുപ്പ്
ഈ കറുത്ത കടലിൽ അവശേഷിക്കുന്നത്
കറുത്ത സ്വപ്നം
ആരും ആരേയും തിരിച്ചറിയുന്നില്ല;
കാലം മാറി ആളും മാറി
പച്ച നിറഞ്ഞ നമ്മുടെ ഭൂമിയെ
ഈ കറുത്ത മനുഷ്യർ കൊന്നു
പക്ഷെ ഇനിയും പൂർത്തിയായില്ല .
ഈ കറുത്ത വട്ട ചില്ലറ മാറുന്നു
വെളുപ്പിനെ സ്പന്ദനം വരുന്നു



- BY അൽഫിൻ ജോബി
9 B

# മധുരമെൻ ബാല്യം

ഓർക്കുന്നു ഞാനെന്റെ
ബാല്യത്തെയിപ്പോഴും
മധുരം നിറയുന്ന ഇഷ്ടമോടെ ....
കളിയാണ് ജീവിതം, ചിരിയാണ് ജീവിതം
താലോലമാട്ടുവാൻ കൈകളേറെ .
വേണ്ടുന്നതൊക്കയും ചൊല്ലുന്ന നേരത്ത്
കൊണ്ടുതന്നീടുവാൻ അച്ഛനുണ്ട്.
കഥയായ കഥയൊക്കെ  മുത്തശ്ശിക്കഥകളായ്;
പട്ടയ പാട്ടൊക്കെ താരാട്ടുകൾ .
എണ്ണ തേപ്പിക്കുവാൻ അമ്മവരുന്നേരം
ഓടിയൊളിക്കുന്ന ബാല്യകാലം
തെറ്റുകളോക്കെയും കുസൃതിത്തരങ്ങളായ്
കൊഞ്ചിച്ചു കൊഞ്ചിച്ചു തെറ്റുതീർക്കും ...
പുത്തനുടുപ്പും ശീലക്കുടയും
തോളിൽ പുസ്തക സഞ്ചിയുമായ്
യാത്രതുടങ്ങുന്ന നേരത്ത് ഞാനെന്റെ
മധുരമാം ബാല്യത്തെ ഓർത്തിടുന്നു.



-BY  മുഹമ്മദ് മുഫീദ്
9 A

# ജീവിതം

എനിക്കറിയാം അടുത്തെങ്ങോ
നീയുണ്ട്.....
നിന്റെ പുഞ്ചിരിയുണ്ട് .
നിന്റെ കരച്ചിലുണ്ട്
നിന്റെ കാലൊച്ചയുണ്ട്...
ഇല്ല ഞാൻ വിട്ടുതരില്ല എന്നെ...
എനിക്ക് ജീവിക്കണം ...
ജീവിതം നൽകണം ...
എനിക്കു ചിരിക്കണം...
ചിരി നൽകണം...
നീ അകന്നു പോകു...
നിന്റെ ചോരക്കണ്ണുകൾ...
നിന്റെ ചുവന്ന  നാവുകൾ...
നിന്റെ ഇരുണ്ട നിറം...
നീ എന്നെ പേടിപ്പിക്കുന്നു
"ഇല്ല മകനെ നിന്നെ
എനിക്കു വേണം"
നീ എന്റെ കൂടെ വേണം ...
അവൾ പറഞ്ഞു...
അതായിരുന്നു എന്റെ മരണം



- by സംഗീർത്ത് സജീവ്
9 b

# വാക്കുകൾക്കപ്പുറം

അയ്‌ലാൻ ; വാക്കുകൾക്കപ്പുറം
'മാമ്പഴം ' ഭൂമിയിൽ പതിക്കുന്നത് കണ്ട-
മാതൃവിലാപം ,
തുർക്കികടലിൽ അടിഞ്ഞുകൂടി .
ചത്തുമലന്നു കിടന്ന തന്റെ നോവും-
കിനാവും,
പൊക്കിള്‍കൊടിയിലെ ജീവശ്വാസവും ....
അയ്‌ലാൻ; വാക്കിനുമപ്പുറം
മാതൃവിലാപത്തിന്റെ തീക്കനലും ,
പച്ചയാം മനുഷ്യന്റെ ക്രൂരതയും
തുണ്ടുകൾ കയറിൽ ജീവനൊടുക്കാൻ -
കാത്തിരിക്കുന്ന ഭൂമിയും ....
ജീവച്ഛവമായ ഭൂതവും
നരകമാം വർത്തമാനവും ,
വിഷം ചീറ്റുന്ന ഭാവിയും...
അയ്‌ലാൻ ; വാക്കിനുമപ്പുറം
വെണ്ണവെണ്ണീറായ സ്നേഹവും,
ചിതലരിക്കുന്ന കാല്പനികതയും...
രവത്തിൽ ഉയരുന്ന പ്രത്യാശയും
"നാളെ"യുടെ ശില്പിയും .



(അയ്‌ലാൻ കുർദി - മൂന്ന് വയസ്സുകാരനായ സിറിയൻ ബാലൻ . യൂറോപ്പിലേക്കുള്ള അഭയാർത്ഥി യാത്രക്കിടയിൽ തുർക്കിക്ക് സമീപം മെഡിറ്ററേനിയൻ കടലിൽ 2015 സെപ്തംബർ 4 ന് മുങ്ങിമരിച്ചു .)

...

*by സുദേവ്.സി*
*9 B*

# പ്രതിച്ഛായ

കേരളം മണ്ണിൽ വളരുന്ന നമുക്ക്
യൂറോപ്പിൻ കഥകളഅറിയുമല്ലോ...
കേരള മണ്ണിൽ ചവിട്ടിയ നമുക്ക്
മണ്ണിൽ മനസ്സറിയില്ലല്ലോ...
കേരള ഭാഷകൾ പാടിയ നമുക്കാ
ഭാഷതൻ ലിപികൾഅറിയില്ലല്ലോ ...
കേരള കലകൾ തൻ ഉടമയാം നമുക്കാ
കലകളെ കാണവാനറിയില്ലല്ലോ ...
കേരള സംസ്കാരമറിയുന്ന  നമ്മള
സംസ്കാരമോക്കയും പാലിച്ചുവോ???
കേരളപുഴകളറിയുന്ന നമ്മളാ
പുഴകളൊക്കയും കണ്ടിട്ടുണ്ടോ ?
കേരളാചാരങ്ങൾ അറിയുന്ന നമ്മളാ
ആചാരമൊക്കെയും മറന്നുപോയോ?
കേരളമണ്ണിൽ വളർന്നവരാണേലും
കേരളബാല്യങ്ങളറിയില്ലല്ലോ ...
കേരളമണ്ണിൽ ജനിക്കുന്ന പൈതങ്ങൾ
കണ്ടതേയില്ലൊരു കൊന്നപൂവെങ്കിലും ...
കേരളമണ്ണിൽ വളർന്നവരാണേലും
കേരളമെന്തെന്നറിയില്ലല്ലോ ...



BY ഹംദാൻ ഫാരിസ്
9B



# പൂമ്പാറ്റ

ഞാൻ ആദ്യമൊക്കെ പൂമ്പാറ്റകളെ ശ്രദ്ധിക്കാറുണ്ടായിരുന്നില്ല .ഞങ്ങളുടെ വീട്ടിൽ ചെടികളൊന്നുമുണ്ടായിരുന്നില്ല . ഞാൻ കൊറേ ചെടികൊളൊക്കെ നട്ടു , അതിൽ പൂക്കളുണ്ടായി . പല തരത്തിലുള്ള പൂക്കൾ പിന്നീടാണ് ഞാൻ അതിനെ ശ്രദ്ധിക്കാൻ തുടങ്ങിയത് .ആ പോകാറില്ല തേൻ കുടിക്കാൻ വരുന്ന പല നിറത്തിലുള്ള വലുപ്പത്തിലുമുള്ള ഉള്ള കുറെ പൂമ്പാറ്റകളെ ഞാൻ ഞാൻ കണ്ടു എനിക്കതിൽ ഏറ്റവും കൂടുതൽ ഇഷ്ടപെട്ടത് നീല നിരത്തിലുള പൂമ്പാറ്റയാണ് സ്കൂളിലാത്ത ദിവസങ്ങളിൽ ഞാനും എന്റെ കുഞ്ഞനിയനും പൂമ്പാറ്റകളെ നോക്കി ഇരിക്കും . അവൻ അതിനെ പിടിക്കാൻ പോവും . അപ്പോൾ ഞാൻ പറയും പൂമ്പാറ്റകൾ പാവമാണ് മോനെ എന്ന് . ഇപ്പോൾ പൂമ്പാറ്റകളെ അധികമൊന്നും കാണാറില്ല . പൂക്കൾ ഉള്ളിടിനൊക്കെ പൂമ്പാറ്റകൾ വരും അതിനാൽ ഞാൻ ഇവിടെ ഒക്കെ ചെടി നാട്ടും . നമ്മൾ പൂമ്പാറ്റകളെ സംരക്ഷിക്കണം .

-By മുഹമ്മദ് നസീം കെ എം

9 B

# എന്റെ അനുഭവം



ഒരു ദിവസം അച്ഛനും അമ്മയും ദയാഭായുടെ പരിപാടിക്ക് പോവാൻ തീരുമാനിച്ചു . അവർ എന്നോട് വരൻ പറഞ്ഞു . എനിക്ക് പോവാൻ ഇഷ്ടമല്ലായിരുന്നു . ഞാൻ കളിച്ചുകൊണ്ടിരിക്കുകയായിരുന്നു പക്ഷെ അവർ നിർബന്ധിച്ച എന്നെയും കൊണ്ടുപൊഴി . പോകുന്ന വഴിക്ക് അവർ ദയാഭായിയെ കുറിച്ച ഒരുപാട് കാര്യങ്ങൾ പറഞ്ഞു തന്നു . ദയാഭായിയുടെ പരിപാടിക്ക് എത്തിയാപ്പോയെക്കും പരിപാടി ഏകദെശം പരിപാടി പൂർത്തിയായിരുന്നു എനിക്ക് വിഷമമായി .ഞാൻ കാരണം ഇവർ ദയാഭായിയുടെ പ്രസംഗം കേട്ടില്ലല്ലോ .എനിക്ക് സങ്കടം വന്നു നമുക്ക് ദയഭായിയെ സ്റ്റേജിൽ പോയി കാണണം . ഞങ്ങൾ ദയാഭായിയെ കണ്ടു കുറച്ച നേരം സംസാരിച്ചു അവർ ചിരിച്ചുകൊണ്ട് പറഞ്ഞു . 'എല്ലാവരോടും ദയയും സ്നേഹവും വേണം'. ഞാനും ചിരിച്ചു

*-by സന്ഗീർത്ത് ടി സി*

*9 C*

# പരിണാമം

അത്ഭുതങ്ങളുടെ ദിവസമായിരുന്നു അന്ന് അമ്പലത്തിൽ നിന്ന് മടങ്ങുന്ന വഴിയിൽ ഒരാൾ ചാരെ വാർന്നുകിടക്കുന്നു ദേഹമൊക്കെ മുറിവുകളാണ് .അതിൽ സൂക്ഷ്മ പരിശോധന നടത്തുന്ന ഒരു ചാവാലി പാട്ടി പാനുകയറിയ വിറയൽ ചെവിയിൽ തിരുകിയ പൂവ് താഴേ വീണു പോയി .ദുശ്ശകുനം പിടിച്ച കാഴ്ച ആ ദിവസം നശിപ്പിക്കുമെന്ന് ഭയന്നു ഞാൻ കണ്ണുകൾ മൂടി . ഭക്തിഗാനങ്ങളുടെ മാധുര്യത്തെ അയാളുടെ ഞരക്കങ്ങൾമലിനമാകാൻ തുടങ്ങിയപ്പോൾ ചെവി പൊതി .കണ്ടത്താരോടെങ്കിലും പറഞ്ഞുപോയെങ്കിലോ എന്ന് ഭയന്നു മന്ത്രോച്ചരണം നിർത്തി വായ്മൂടി .വീട്ടിലെത്തി , കണ്ണാടിയിൽ കണ്ടതായിരുന്നു മഹാത്ഭുതം . പ്രാർത്ഥനകളിലെ പിഴവു മനുഷ്യകുലത്തിന്റെ മറ്റൊരു ചൊവ്വാട് വെപ്പോ എന്നറിയില്ല . വല്ലുമുളച്ച മേലാകെ രോമം കിളിർത്ത വട്ടമുഖമുള്ളരോ നാലുകാലിയായിഞാൻ പരിണാമപ്പെട്ടിരുന്നു .

by സംപ്രീത് .കെ . വിനീഷ്

# പൂന്തേനരുവി



കാടിൻ മാറിയില്റ്റോയോകുന്ന ഞാൻ
കിങ്ങിണി കിട്ടി കുണുങ്ങിക്കുണുങ്ങി
ചെടികളും പൂക്കളും തലോടുന്ന സ്നേഹമായ്

കാട്ടാനക്കൂട്ടം വന്നെന്നെ ച്ചുംബിച്ചിട്ന്ന
പ്രകൃതി കരയുമ്പോൾ ഞാൻ ചിരിക്കുന്ന
ആ നീരു വന്നെന്നിൽ നിറയുമ്പോൾ
സന്തോഷമായി ഞാൻ ഒഴുകുന്നു
നീലാകാശം നോക്കി മന്ദമായി

-By ഫർഹാൻ മുസ്തഫ
9 C

# അമ്മ ഉണ്ടായിരുന്നെങ്കിൽ

"Life Is what you make of it "ഏതു ഒരു പഴംചൊല്ല് മാത്രമല്ല , സത്യവുമാണ് .ഒരു നാട്ടിൽ രണ്ടുപേർ വിവാഹിദരായി . എന്നാൽ അവർക്ക്കുഞ്ഞികള് കാണാനുള്ള ഭാഗ്യമുണ്ടായില്ല . നീണ്ട 5 വർഷങ്ങൾക്കുശേഷം അവർക്കൊരു മകനുണ്ടായി . അവർ അവനെ ലാളിച്ചു വളർത്തി . അവർ അവനെ ലാളിച്ചു വളർത്തി . അവൻ വലുതായി , 14 വയസു പൂർത്തിയായി . എന്നാൽ അവൻ മഹാ ഉയപ്പനായിരുന്നു .

ഒന്നും പഠിക്കാതെ വീട്ടുകാരും നാട്ടുകാരും പറയുന്നത് കേൾക്കാതെ അവൻ കൂട്ടുകാരോടപ്പം രസിച്ചു നടന്നു . അരക്കൊല്ല പരീക്ഷയുടെ റിസൾട്ട് വന്നപ്പോൾ അവൻ പലതിനും തോറ്റു . ഇത്തരുന്ന അവന്റെ 'അമ്മ അവനെ വഴക്ക്പറഞ്ഞു . കുപിതനായ അവൻ അമ്മയെ തള്ളിയിട്ടു തന്റെ മുറിയില്ലേക് ഓടി ; ഡോർ പൂട്ടി 4 മണിക്കൂർ മുറിക്കു പുറത്തു വന്നില്ല . പിന്നെ അവൻ ഒച്ചയൊന്നും കേൾകാതിരുന്നപ്പോൾ മുറിക്ക് പുറത്തത് വന്നു.അവനൊരു ഞെട്ടിക്കുന്ന ദൃശ്യം കണ്ടു.തന്റെ അമ്മ രക്തത്തിൽ കുളിച്ചു കിടക്കുന്നു.അവൻ ഒരു ശില്പത്തെ പോലെ സ്തംഭിച്ചു നിന്നു.അവൻ അലറിവിളിച്ചു.ഓടിയെത്തിയ നാട്ടുകാർ അമ്മയെ ആശുപത്രിയിലെത്തിച്ചെങ്കിലും ഫലപ്രദമായില്ല.അവന്റെ മനസ്സിലേക്ക് ചില ഓർമ്മകൾ കടന്നുവന്നു.ചെറു ക്ലാസ്സുകളിൽ അമ്മയാണവനെ പഠിപ്പിച്ചത്.അവനു നല്ല മാർക്കുണ്ടായിരുന്നു.അന്നവൻ ഒരു തീരുമാനം എടുത്തു.അതിനു ശേഷം പത്താം ക്ലാസിന്റെ റിസൾട്ട് വന്നു.അവനു എല്ലാത്തിനും എ പ്ലസ്.ഇതായിരുന്നു അവന്റെ പ്രതീക്ഷ.ഈ സന്തോഷം നിറഞ്ഞ വേളയിൽ തന്റെ അമ്മയുണ്ടായിരുന്നെങ്കിൽ എന്നവൻ കൊതിച്ചു...

-By സംപ്രീത് .കെ .
വിനീഷ്
9 C



*'ലിറ്റിൽ കൈറ്റ്സ്'ന്റെ ഭാഗമായി ഞങ്ങൾ മൈക്കലൈറ്റ്സ് തയ്യാറാക്കിയ ഡിജിറ്റൽ മാഗസീനുമായി ഞങ്ങളോട് സഹകരിച്ച മുഴുവൻ വ്യക്തികൾക്കും ലിറ്റിൽ കൈറ്റ്സിന്റെ ഞങ്ങളുടെ സ്കൂളിലെ അംഗങ്ങൾക്കും വിനീതമായ നന്ദി പ്രകടിപ്പിച്ചുകൊണ്ടും ഞങ്ങളുടെ മാഗസിൻ വായിച്ച എല്ലാവർക്കും ഇഷ്ടപ്പെട്ടു എന്ന വിശ്വാസത്തോട് കൂടി.....*

# 'നന്ദി'